പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.197 14.07.2016 - ലെ മറുപടിക്ക്

**വിദേശ നിക്ഷേപനയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. റ്റി.എ. അഹമദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പാറക്കൽ അബ്ദുള്ള | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| എ | രാജ്യത്തിന്റെ സുപ്രധാന മേഖലകളിൽ വിദേശ നിക്ഷേപം നടത്തുന്നതിനുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ കാര്യമായ ഇളവു വരുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സുപ്രധാന മേഖലകളിൽ വിദേശ നിക്ഷേപം നടത്തുന്നതിനുണ്ടായ നിയന്ത്രണങ്ങൾ ഇളവു വരുത്തിയെന്ന് കേന്ദ്ര സർക്കാർ 2016 ജൂൺ 20 ന് പത്രകുറിപ്പ് ഇറക്കിയിരുന്നു. ഇതനുസരിച്ച് തന്ത്ര പ്രധാന മേഖലകളായ പ്രതിരോധം, ഫാർമസ്യൂട്ടിക്കൽ, സിവിൽ ഏവിയേഷൻ, ഡി.റ്റി.എച്ച്, കേബിൾ നെറ്റ് വർക്ക്, മൃഗസംരക്ഷണം മുതലായവയിൽ 100 ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിച്ചിട്ടുണ്ട്. |
| ബി | എങ്കിൽ ഈ നയം മാറ്റം സംസ്ഥാന സർക്കാർ എങ്ങിനെ വീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ചില മേഖലകളിൽ സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുക്കാതെയുള്ള പ്രത്യക്ഷ വിദേശ നിക്ഷേപം ആശാസ്യമല്ല. |
| സി | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഇത് ഗുണകരമാണോ, ദോഷകരമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | ഇതു സംബന്ധിച്ച വിശദമായ പഠനത്തിന് ശേഷം മാത്രമേ സംസ്ഥാനത്തിന്റെ വിവിധ മേഖലയെ പുതിയ നയം എങ്ങനെ സ്വാധീനിക്കുമെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ